മലയാളം മാസിക. പുസ്തകം–2, ലക്കം–12. വില 7 രൂപ

Samaja Sandesham Monthly, Mangaluru
Vol. No:2, Issue No:12 Price Rs 7/-

കേരള സമാജം (രജി.)
ESTD:1957
Kerala Samajam Complex, K S Rao Road
Mangaluru. Ph: 0824 2441323
E-mail : keralasamajammangalore@gmai.com

# സമാജ സന്ദേശം

ഒരു കേരള സമാജം പ്രസിദ്ധീകരണം

September- 2024
സെപ്റ്റംബർ–2024



കേരള സമാജം ഓണാഘോഷത്തിന്റെ ആലോചനാ യോഗത്തിൽ പ്രസിഡണ്ട് ടി.കെ.രാജൻ സംസാരിക്കുന്നു.

# കേരള സമാജം ഓണാഘോഷ പരിപാടികൾക്ക് തുടക്കമായി; സമാപനം സെപ്റ്റംബർ 22ന്

മംഗളൂരു കേരള സമാജത്തിന്റെ ഇക്കൊല്ലത്തെ ഓണാഘോഷ പരിപാടികൾ ആരംഭിച്ചു. ഒരു മാസത്തോളം നീളുന്ന പരിപാടികൾക്ക് സെപ്റ്റംബർ 22 ഞായറാഴ്ച കൊടിയൽബയൽ കുട്ടക്കലെ ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടികളോടെ സമാപനം കുറിക്കും.

22ന് കുട്ടക്കലെ ഓഡിറ്റോറിയത്തിൽ നടക്കുന്ന ഓണാഘോഷ സമാപന പരിപാടി ഗോകുലം ഗോപാലൻ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ കേന്ദ്ര ഫിഷറീസ് – മൃഗ സംരക്ഷണം – ക്ഷീര വികസന – ന്യൂന പക്ഷ കാര്യ വകുപ്പുകളുടെ കേന്ദ്ര സഹ മന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥി ആയിരിക്കും. കേരള സമാജം പ്രസിഡണ്ട് ടി.കെ രാജൻ അദ്ധ്യക്ഷത വഹിക്കും. കർണ്ണാടക നിയമസഭ സ്പീക്കർ യു.ടി.ഖാദർ, കർണാടക ആരോഗ്യ – കുടുംബ ക്ഷേമ മന്ത്രി ദിനേശ് ഗുണ്ടു റാവു, ദക്ഷിണ കന്നഡ എം.പി. ക്യാപ്റ്റൻ ബ്രിജേഷ് ചൗട്ട, മംഗളൂരു സൗത്ത് എം.എൽ.എ ഡി.വേദവ്യാസ കാമത്ത്, എ.ജെ ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ചെയർമാൻ എ.ജെഷെട്ടി, ശ്രീദേവി എജ്യൂക്കേഷൻ ട്രസ്റ്റ് സ്ഥാപകൻ ഡോ.സദാനന്ദ ഷെട്ടി എന്നിവർ സന്നിഹിതരായിരിക്കും. കേരള സമാജം സെക്രട്ടറി മാക്സിൻ സെബാസ്റ്റ്യൻ സ്വാഗതവും, ജോയിന്റ് സെക്രട്ടറി കെ.വാസുദേവൻ നന്ദിയും പറയും.

തുടർന്ന് വിവിധ കലാപരിപാടികളും വിഭവസമൃദ്ധമായ ഓണസദ്യയും ഉണ്ടാകും. പരിപാടികളുടെ നടത്തിപ്പിനായി വിവിധ കമ്മറ്റികളുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ ആരംഭിച്ചു.

# ഇന്റർ സമാജം തിരുവാതിര മത്സരം

ഒരുമയുടെ പെരുമ പടി കേരളത്തനിമ വിളിച്ചോതി ഐക്യത്തിന്റെ ആഘോഷമായെത്തുന്ന കേരളത്തിന്റെ ഉത്സവം ഓണത്തെ വരവേൽക്കാൻ പ്രവാസി മലയാളികളും ഒരുങ്ങി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, മലയാളികൾ ഉള്ളിടത്തെല്ലാം ഓണഘോഷത്തിന്റെ ആരവം ഉയർന്നു കഴിഞ്ഞു.

മംഗളൂരു മലയാളികളും ഓണാഘോഷ ലഹരിയിൽ അമർന്നു തുടങ്ങി. കൂട്ടായ്മയുടെ ഓണക്കാലത്ത് പ്രവാസി മലയാളികളുടെ കൂട്ടായ്മക്ക് കളമൊരുക്കുകയാണ് മംഗളൂരു കേരള സമാജം. കേരള സമാജം ഓണാഘോഷ ത്തോട് അനുബന്ധിച്ച് കേരള സമാജം കലാവിഭാഗത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 25 ന് സമാജം ജൂബിലി ഹാളിൽ ഇന്റർ സമാജം തിരുവാതിര മത്സരം സംഘടിപ്പിച്ചു.

കേരള സമാജം, കർണ്ണാടക നായർ സർവ്വീസ് സൊസൈറ്റി മംഗളൂരു കരയോഗം, മംഗളൂരു മലയാളി വിശ്വകർമ്മ സമാജം, സൂറത്കൽ കൈരളി കലാവേദി സൂറത്കൽ, മംഗളൂരു ശ്രീനാരായണ സാംസ്ക്കാരിക വേദി എന്നീ സംഘടനകളിലെ വനിതാ അംഗങ്ങൾ തിരുവാതിര മൽസരത്തിൽ പങ്കെടുത്തു. സീനിയർ, ജൂനിയർ വിഭാഗങ്ങളിലാണു മത്സരങ്ങൾ നടന്നത്.

സീനിയർ വിഭാഗത്തിൽ കർണ്ണാടക നായർ സർവ്വീസ് സൊസൈറ്റി ഒന്നാം സ്ഥാനം നേടി. രണ്ടാം സ്ഥാനം മംഗളൂരു കേരള സമാജവും മലയാളി വിശ്വകർമ്മ സമാജവും പങ്കിട്ടെടുത്തു.

ജൂനിയർ വിഭാഗത്തിൽ സൂറത്കൽ കൈരളി കലാവേദി ഒന്നാം സ്ഥാനവും മലയാളി വിശ്വകർമ്മ സമാജം രണ്ടാം സ്ഥാനവും നേടി.

പരിപാടിക്ക് കലാവിഭാഗം കൺവീനർ അശോകൻ, ജോയിന്റ് കൺവീനർ ഡാലിയ ദീപക് എന്നിവർ നേതൃത്വം നൽകി. വിലാസ് പുഞ്ചക്കാട്, മണി തൃക്കരിപ്പൂർ, ശ്രീജ പയ്യന്നൂർ എന്നിവർ വിധികർത്താക്കളായിരുന്നു.

വിജയികൾക്ക് സെപ്റ്റംബർ 22ന് കൂട്ടക്കലെ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തക്കുന്ന ഓണാഘോഷ പരിപാടിയിൽ സമ്മാനങ്ങൾ വിതരണം ചെയ്യുമെന്ന് കേരള സമാജം പ്രസിഡണ്ട് ടി.കെ.രാജനും സെക്രട്ടറി മാക്സിൻ സെബാസ്റ്റ്യനും അറിയിച്ചു. വിജയികളെ കേരള സമാജം ഭാരവാഹികൾ അഭിനന്ദിച്ചു.



ഓണാഘോഷത്തോട് അനുബന്ധിച്ച് കേരള സമാജം കലാവിഭാഗം സംഘടിപ്പിച്ച ഇന്റർ സമാജം തിരുവാതിര മത്സരം സീനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ കർണ്ണാടക നായർ സർവ്വീസ് സൊസൈറ്റി ടീം.



ഓണാഘോഷത്തോട് അനുബന്ധിച്ച് കേരള സമാജം കലാവിഭാഗം സംഘടിപ്പിച്ച ഇന്റർ സമാജം തിരുവാതിര മത്സരം ജൂനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ സൂറത്കൽ കൈരളി കലാവേദി ടീം.

## നാടൻ ചിക്കൻ കറിയും മരച്ചീനി (കപ്പ) വേവിച്ചതും

പാചകം



ചിത്ര വിജയൻ

**ആവശ്യമുള്ള സാധനങ്ങൾ**

ചിക്കൻ– 1 കിലോ
ചുകന്നമുളക്– 100 ഗ്രാം
ചുവന്നുള്ളി– 150ഗ്രാം
സവാള– 3 എണ്ണം
ഇഞ്ചി ചതച്ചത്– 1 ടേബിൾ സ്പൂൺ
വെളുത്തുള്ളി ചതച്ചത്– 1 ടേബിൾ സ്പൂൺ
പച്ചമുളക്– 3 എണ്ണം
മല്ലിപ്പൊടി– 1 1/2 ടീ സ്പൂൺ
മഞ്ഞൾപ്പൊടി– 1 ടീ സ്പൂൺ
കുരുമുളക് പൊടി– 1 ടീ സ്പൂൺ
ഗരം മസാലപ്പൊടി– 1 ടീ സ്പൂൺ
വെളിച്ചെണ്ണ– 4–5 ടേബിൾ സ്പൂൺ
ഉപ്പ് ആവശ്യത്തിന്
കറിവേപ്പില– 2 തണ്ട്

**പാകം ചെയ്യുന്ന വിധം:**

ചിക്കൻ കഴുകി മാറ്റി വെള്ളം വാരാൻ വെക്കുക. ചീനചട്ടി അടുപ്പിൽ വെച്ച് എണ്ണ ഒഴിച്ച് ചുകന്ന മുളക് വറുത്ത് കോരി മാറ്റി വെക്കുക. ചുവന്നുള്ളിയും വറുത്ത് കോരി മാറ്റി വെച്ചതിന് ശേഷം മുളകും ചുവന്നുള്ളിയും കൂടി മിക്സിയിൽ നന്നായി പൊടിക്കുപാചകംാക്കി വന്ന എണ്ണയിലേക്ക് സവാള, ഇഞ്ചി, വെളുത്തുള്ളി ചതച്ചതും, പച്ചമുളകും ഇട്ട് നല്ലപോലെ വഴറ്റുക. നന്നായി വഴറ്റിയതിന് ശേഷം ഇതിലേക്ക് മല്ലിപ്പൊടി, കുരുമുളക് പൊടി, ഗരം മസാലപ്പൊടി എന്നിവയും നേരത്തെ പൊടിച്ച് വെച്ച ചുകന്ന മുളകും, ചുവന്നുള്ളിയും ചേർത്ത് വഴറ്റുക. ഇതെല്ലാം വെന്ത് വരുമ്പോൾ കഴുകി വെച്ച ചിക്കൻ അല്പം മഞ്ഞൾപ്പൊടിയും ആവശ്യത്തിന് ഉപ്പും ചേർത്ത് ഇതിലേക്കിട്ട് ചെറുതീയിൽ മൂടിവെച്ച് വേവിക്കുക. ചിക്കനിൽ നിന്ന് ഇറങ്ങുന്ന വെള്ളത്തിൽ കിടന്ന് ചിക്കൻ നന്നായി വെന്തുകൊള്ളും. ചാറ് കൂടുതൽ വേണമെന്നുണ്ടെങ്കിൽ ഒരു ഗ്ലാസ് ചൂടുവെള്ളം ഒഴിച്ച് നന്നായി കറി കുറുക്കിയെടുക്കുക. അതിന് ശേഷം കറിവേപ്പില ചേർത്ത് അടുപ്പിൽ നിന്ന് മാറ്റി ഉപയോഗിക്കാം.

**മരച്ചീനി വേവിച്ചത്:**

ചുവന്ന തൊലിയുള്ള കപ്പ (മരച്ചീനി ) ചെറുതായി കൊത്തി മുറിച്ചിട്ട് കഴുകിയതിന് ശേഷം ഒരു കലത്തിലിട്ട് തിളച്ച വെള്ളത്തിലിടുക. വെള്ളവും, മരച്ചീനിയും നന്നായി തിളച്ച് വരുന്നതിനനുസരിച്ച് വെള്ളം ഊറ്റിക്കളെയുക. (കപ്പയുടെ കട്ട് പോകാനാണിങ്ങനെ വെള്ളം ഊറ്റിക്കളെയുന്നത്.) അതിന് ശേഷം വെന്ത കപ്പയിലേക്ക് മഞ്ഞൾപ്പൊടി ആവശ്യത്തിന് ഉപ്പും ഒരു നുള്ള് തേങ്ങ ചിരവിയതും കറിവേപ്പിലയും ഇട്ട് നല്ല കട്ടിയുള്ള തവി കൊണ്ട് മിക്സ് ചെയ്യുക. അടുപ്പിൽ നിന്നും വാങ്ങിയതിന് ശേഷം ചൂടോടെ ഉപയോഗിക്കാം.



നല്ലജീവനം അതിജീവന പ്രസ്ഥാനം സംഘടിപ്പിച്ച ആറു ദിവസം കൊണ്ട് മലപ്പുറം, തൃശൂർ, പാലക്കാട് ജില്ലകളിൽ പര്യടനം നടത്തിയ അന്തർജില്ലാ സൈക്കിൾ യാത്രാ പ്രചാരണ യാത്രയിൽ പങ്കെടുത്ത ഏറ്റവും പ്രായം കുറഞ്ഞ അംഗമായ മംഗളൂരു സ്വദേശി ധ്യാൻദീപ്. കേരള സമാജം അംഗങ്ങളായ കെ.പ്രദീപന്റെയും ഷൈനി പ്രദീപന്റെയും മകനാണ്.




മംഗളൂരു കർണ്ണാടക മലയാളി വിശ്വകർമ്മ സമാജത്തിന്റെ നേതൃത്വത്തിൽ യു.എസ്. മല്ല്യ ഇൻഡോർ ബാഡ്മിന്റൺ സ്റ്റേഡിയത്തിൽ മംഗളൂരുവിലെ വിവിധ മലയാളി സംഘടനകളെ പങ്കെടുപ്പിച്ച് ഇന്റർ സമാജം ഇൻഡോർ ബാഡ്മിന്റൺ ടൂർണമെന്റ് സംഘടിപ്പിച്ചു. 2024 ജൂൺ 16ന് നടന്ന ടൂർണമെന്റിൽ ഒന്നാം സ്ഥാനം നേടിയ കേരള സമാജം ടീം ട്രോഫി ഏറ്റു വാങ്ങുന്നു.

# ചതയദിനം ആഘോഷിച്ചു

കേരളീയ നവോത്ഥാനത്തിന്റെ മുൻനിര നായകൻ ശ്രീനാരായണ ഗുരുവിന്റെ സ്മരണകളുണർത്തി മംഗളൂരു ശ്രീനാരായണ സാംസ്കാരിക വേദിയുടെ നേതൃത്വത്തിൽ ശ്രീനാരായണ ഗുരു ജയന്തിയായ ചതയ ദിനാഘോഷം സംഘടിപ്പിച്ചു.

ആഘോഷത്തോട് അനുബന്ധിച്ച് ആഗസ്റ്റ് 20ന് രാവിലെ മംഗളൂരു നെല്ലിക്കായ് റോഡ് നാംകോ കെട്ടിടത്തിലെ സാംസ്കാരിക വേദി ഓഫീസിൽ ഗുരു പൂജയും, വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഗുരുദേവ കീർത്തനങ്ങൾ അടങ്ങിയ ഭജനയും നടത്തി.

ഇതോട് അനുബന്ധിച്ച് സാംസ്കാരിക വേദി ഓഫീസിൽ പ്രവർത്തനം ആരംഭിച്ച കുമാരനാശാൻ വായനശാലയുടെ ഉദ്ഘാടനം പ്രഭാഷകൻ കെ.കെ. വൽസരാജ്, കേരള സമാജം പ്രസിഡണ്ട് ടി.കെ.രാജൻ, സാംസ്കാരിക വേദി മുൻപ്രസിഡണ്ട് ടി.എ.അശോകൻ എന്നിവർ ചേർന്ന് നിർവഹിച്ചു.

ശ്രീനാരായണ ഗുരുവിനെ കുറിച്ചുള്ള പുസ്തകളും, പ്രാർത്ഥനകളും എല്ലാം വായനശാലയിൽ ലഭ്യമാണെന്ന് സാംസ്കാരിക വേദി പ്രസിഡന്റ് അനിൽ കുമാർ ദാമോദരൻ അറിയിച്ചു.

ഉച്ച കഴിഞ്ഞ് കേരള സമാജം സുവർണ ജൂബിലി ഹാളിൽ സാംസ്കാരിക സമ്മേളനം നടന്നു. സമ്മേളനം പ്രൊ.മാളൂർ മുരളീധരൻ ഉദ്ഘാടനം ചെയ്തു. ശ്രീനാരായണ ഗുരുദേവന്റെ ഉദ്ബോധനങ്ങൾക്കും, സാമൂഹിക പ്രവർത്തനങ്ങൾക്കും പ്രസക്തിയേറെ വർധിച്ചിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. കേരളീയ സാംസ്കാരിക നവോത്ഥാനത്തിലും ജാതീയ ഉച്ചനീചത്വങ്ങൾ ഉന്മൂലനം ചെയ്യുന്നതിലും ഗുരു വഹിച്ച പങ്ക് വിവരണാതീതമാണ്. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അവസാനിപ്പിക്കാനും മാനവികതയുടെ സന്ദേശം പകരാനും ഗുരുദേവ ദർശനങ്ങൾ വഴികാട്ടിയായി.– അദ്ദേഹം കൂട്ടിച്ചേർത്തു.

സമ്മേളനത്തിൽ എസ്എൻ ട്രസ്റ്റ് ഡയറക്ടർ ബോർഡ് അംഗം വി.എസ് സുനിൽകുമാർ, ഗുരുധർമ്മ പ്രഭാഷകൻ ഡോ. കെ.എൻ.കമലാസനൻ, പ്രഭാഷകൻ കെ.കെ.വത്സരാജ് എന്നിവർ പ്രസംഗിച്ചു.

ഡോ.കെ.എൻ കമലാസനൻ, കെ.കെ.വത്സരാജ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. മംഗളൂരു സൗത്ത് എംഎൽഎ ഡി.വേദവ്യാസ കാമത്ത്, മുഖ്യാതിഥി ആയിരുന്നു. മംഗലാപുരം ശ്രീ നാരായണ സാംസ്ക്കാരിക വേദി പ്രസിഡണ്ട് അനിൽ കുമാർ ദാമോദരൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ടി.വി മോഹനൻ സ്വാഗതം പറഞ്ഞു.

സാംസ്ക്കാരിക വേദി കുടുംബാംഗങ്ങളും കുട്ടികളും അവതരിപ്പിച്ച വിവിധ പരിപാടികളും അത്താഴ വിരുന്നും നടന്നു.



മംഗളൂരു ശ്രീനാരായണ സാംസ്കാരിക വേദി സംഘടിപ്പിച്ച ചതയ ദിനാഘോഷ ചടങ്ങിൽ ഡോ.കെ.എൻ കമലാസനൻ, കെ.കെ.വത്സരാജ് എന്നിവരെ ആദരിക്കുന്നു.


## കടമുറികൾ വാടകയ്ക്ക്

മംഗളൂരു നഗരമധ്യത്തിൽ കെ.എസ്.റാവു റോഡിലെ കേരള സമാജം കോംപ്ലക്സിൽ കടമുറികൾ വാടകയ്ക്ക് നൽകാനുണ്ട്. ആവശ്യമുള്ളവർ കേരള സമാജം ഓഫിസുമായി ബന്ധപ്പെടുക.

ഫോൺ: 0824 2441323



ഓണാഘോഷത്തോട് അനുബന്ധിച്ച് കേരള സമാജം കലാവിഭാഗം സംഘടിപ്പിച്ച ഇന്റർ സമാജം തിരുവാതിര മത്സരം സീനിയർ വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയ കേരള സമാജം ടീം.



ഓണാഘോഷത്തോട് അനുബന്ധിച്ച് കേരള സമാജം കലാവിഭാഗം സംഘടിപ്പിച്ച ഇന്റർ സമാജം തിരുവാതിര മത്സരം സീനിയർ വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയ മംഗളൂരു മലയാളി വിശ്വകർമ സമാജം ടീം.



ഓണാഘോഷത്തോട് അനുബന്ധിച്ച് കേരള സമാജം കലാവിഭാഗം സംഘടിപ്പിച്ച ഇന്റർ സമാജം തിരുവാതിര മത്സരം ജൂനിയർ വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയ മംഗളൂരു മലയാളി വിശ്വകർമ സമാജം ടീം.

# ഓണാഘോഷം: മത്സര വിജയികൾ

കേരള സമാജം ഓണാഘോഷത്തോട് അനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. മത്സരങ്ങിൽ വിജയികൾ ആയവർ:

**കാരംസ് (പുരുഷന്മാർ സിംഗിൾ):** 1. അമൻ മോഹിത് 2. പുരുഷോത്തമൻ

**കാരംസ് (പുരുഷന്മാർ ഡബിൾ):** 1. രവിചന്ദ്രൻ – കിഷോർചന്ദ്, 2. പ്രകാശ് കുംപാള – മഹിത്

**കാരംസ് (സ്ത്രീകൾ സിംഗിൾ):** 1. വിജയലക്ഷ്മി, 2. ഷൈജ സത്യൻ

**കാരംസ് (സ്ത്രീകൾ ഡബിൾ):** 1. ഷൈജ സത്യൻ – രത്ന, 2. സുജാത ജയരാജ് – ശോഭ ജയരാജ്.

**ചെസ്സ്:** 1. കിരൺചന്ദ്, 2. ശ്രേയാംഗ്

**ചിത്രരചന സബ്ജൂനിയർ:** 1. അദ്വൈത് കണ്ണോത്ത് , 2. നിഷിക

**ചിത്രരചന ജൂനിയർ:** 1. ചിന്മയി. എസ്, 2. ദക്ഷ

**ക്വിസ്:** 1. ശ്രേയ, 2. ചിത്ര വിജയൻ

**സോളോ ഡാൻസ് ജൂനിയർ:** 1. ചിന്മയി. എസ്, 2. ദക്ഷ.

**സോളോ ഡാൻസ് സീനിയർ:** 1. സ്നേഹ എം, 2. സന്ധ്യ.

**കരോക്കെ ജൂനിയർ:** 1. ആര്യ പ്രകാശ്, 2. ദിയ വിനോദ്.

**കരോക്കെ സീനിയർ:** 1. നേഹ രാജ്, 2. ദിവ്യ രാജ്.

**കരോക്കെ സൂപ്പർ സീനിയർ:** 1. ഗംഗാധരൻ, 2. പുരുഷോത്തമൻ.

**ഓണപ്പാട്ട്:** 1. നേഹ രാജ്, 2. ദിവ്യ രാജ്, പുരുഷോത്തമൻ.

**കവിതാലാപനം:** 1. നേഹ രാജ്, 2. വീണ വിജയൻ.

**ചോക്ലേറ്റ് പിക്കിംങ് വിത്ത് ടൂത് പിക്ക്:** 1. പൂർണിമ, 2. സിന്ധു പ്രകാശ്.

**നോട്ട് ഇൻ ത്രഡ്:** 1. വിജയലക്ഷ്മി, 2. സുലോചന നായിക്.

**പെൻസിൽ ഇൻ നോസ്:** 1. വിജിത രാജ്, 2. പത്മിനി ബാലസുബ്രഹ്മണ്യൻ.

**കപ്പിൾ ഗയിംസ് (സ്ട്രോ ഇൻ ഹാൻഡ്):** 1. ഗീത–ഗംഗാധരൻ, 2. സിന്ധു–പ്രകാശ്.

**ലക്കി ഗയിം (ബാംഗിൾ ഇൻ കപ്പ്):** 1. ചിത്ര വിജയൻ, 2. പുഷ്പ വിജയൻ.

**കോയിൻ ഓൺ പെൻസിൽ** (പുരുഷന്മാർ): 1. പ്രകാശ്, 2. അഖിലേഷ്.

**കപ്പ് പിരമിഡ്:** 1. ഗഗന, 2. ദിവ്യ രാജ്.

**റബർബാൻഡ് ആൻഡ് പിൻ മേക്കിംങ് മാല:** 1. പുഷ്പ കുമാരൻ, 2. നളിനി വിജയ്.

**പാസിംങ് ദ ബോൾ:** 1. രാജേഷ്, 2. പ്രിയങ്ക.

# ഒരു യാത്രാ വിവരണം

(പേജ് 2ൽ നിന്നു തുടർച്ച...)
നഷ്ടമായതിന്റെ ഒരു വൈക്ലബ്യം മനസിൽ വെച്ചു കൊണ്ട് അമ്മൻകോവിലിനുള്ളിൽ പ്രവേശിച്ചു.

മനസിലെ വിഷമം മാറ്റി വെച്ചുകൊണ്ട് സർവാഭരണ വിഭൂഷിതയായി കന്യാകുമാരിയമ്മയുടെ ദർശനം ദീപാരാധനയും കണ്ട് തൊഴുതിറങ്ങിയപ്പോൾദേവീ പ്രസാദം ലഭിച്ചതായി മനസിൽ തോന്നി.

തുടർന്ന് റോഡിന് ഇരുവശവും കണ്ട വർണക്കാഴ്ചകളായിരുന്നു. ചിപ്പികളും മുത്തുകളും ശംഖുകളും തൊപ്പികളും... അങ്ങിനെ അലങ്കാര വസ്തുക്കളുടെ ഒരു ചന്ത.

അതിൽ നിന്നും ഒന്നു രണ്ടെണ്ണം വാങ്ങി മുറിയിലേക്ക് മടങ്ങി. അൽപ സമയം ഞങ്ങൾ കുട്ടികളായി മടങ്ങി. ലൂഡോയും കൊത്തം കല്ലും ഈർക്കിൽ കളിയും ഒക്കെ കളിച്ച് രാത്രി ഭക്ഷണവും കഴിച്ച് അടുത്ത ദിവസത്തെ യാത്രയുടെ പ്ലാനൊക്കെ തയാറാക്കി കിടന്നുറങ്ങി.




Edited, Printed and Published by T.K.Rajan on behalf of Kerala Samajam, K.S.Rao Road, Mangaluru-575001. Ph: 0824 2441323. E-Mail: samajasandesham@gmail.com.
Vol: 2. No: 12. Printed at Assisi Press, Assisi Complex, Jail Road, Bejai, Mangaluru- 575003. DTP: VM Communications (Ph: 8762234372)